"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി -വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കായുള്ള വായ്പയിൻമേലുള്ള പലിശ തുകയായ 1.94 കോടിരൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.192/2026/RD തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:- സ.ഉ(കൈ) നം.2/2026/DMD തീയതി 23/01/2026

**ഉത്തരവ്**

വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരന്ത ബാധിത പ്രദേശത്തെ 437 കുടുംബശ്രീ അംഗങ്ങൾക്കായുള്ള 8.57 കോടി രൂപയുടെ വായ്പയിൽ മൊറൊട്ടോറിയം ഉൾപ്പെടെ 1.94 കോടി രൂപ പലിശ ഇനത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് മേൽ പരാമർശം പ്രകാരം ദുരന്ത നിവാരണ വകുപ്പ് ഉത്തരവായിട്ടുണ്ട്.

2) മേൽ പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 437 കുടുംബശ്രീ അംഗങ്ങൾക്കായുള്ള 8.57 കോടി രൂപയുടെ വായ്പയിൽ മൊറൊട്ടോറിയം ഉൾപ്പെടെ **1.94 കോടി** രൂപ പലിശ ഇനത്തിൽ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) വിതരണത്തിനാവശ്യമായി വരുന്ന തുകയായ**1,94,00,000/- (ഒരു കോടി തൊണ്ണൂറ്റി നാല് ലക്ഷം രൂപ മാത്രം )** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും , ജില്ലാകളക്ടർ മേൽ പരാമർശം പ്രകാരം തുക കുടുംബശ്രീ മിഷന് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
ഡയറക്ടർ കുടുംബശ്രീ മിഷൻ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Apsara T T
Date: 24-01-2026 12:36:33
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.എഫ്-ബി വകുപ്പുകൾ